
# US PROFILES





## ഡോ. സാറാ ഈശോ



# ഡോ. സാറാ ഈശോ: ഓങ്കോളജിയിലെ സ്നേഹസ്പർശം

സിൽജി ജെ ടോം

ഓങ്കോളജി സ്പെഷ്യലിസ്റ്റ് എന്ന നിലയിൽ അമേരിക്കയിലെ ആരോഗ്യ സേവന രംഗത്ത് ജീവിതം അടയാളപ്പെടുത്തിയ ഡോ. സാറാ ഈശോ അമേരിക്കൻ മലയാളികൾക്ക് സുപരിചിതയും പ്രിയങ്കരിയുമാണ്. ഏറെ വെല്ലുവിളികൾ നിറഞ്ഞ ഓങ്കോളജി മേഖലയിൽ മനസ് മടുപ്പിക്കുന്ന അനുഭവങ്ങളിലൂടെ ദിവസവും കടന്നുപോകേണ്ടി വരുമ്പോഴും നിറചിരിയും സാന്ത്വന വാക്കുകളുമായി രോഗികൾക്ക് മുന്നിലെത്തുന്ന സൗമ്യതയുടെ മുഖമാണ് ഡോ. സാറാ ഈശോ. മുന്നിലെത്തുന്ന രോഗികളെ സ്നേഹസാന്ത്വനങ്ങൾ കൊണ്ട് ചേർത്ത് നിർത്തുന്ന, അവർക്ക് സാന്ത്വന തണലൊരുക്കുന്ന സ്നേഹമയിയായ ഡോക്ടർ അമേരിക്കൻ മലയാളി സമൂഹത്തിന് ആതുരവേളകളിൽ ആശ്വാസമാണ്.



കോട്ടയം മെഡിക്കൽ കോളേജിൽ നിന്നും ബിരുദമെടുത്ത്, ന്യൂയോർക്ക് മെഡിക്കൽ കോളേജിൽ ഹെമറ്റോളജി ആൻഡ് ഓങ്കോളജിയിൽ ഉപരിപഠനം പൂർത്തിയാക്കി കാൽ നൂറ്റാണ്ടായി ക്യാൻസർ ചികിത്സാ രംഗത്തെ ഓരോ സ്പന്ദനങ്ങളും ചലനങ്ങളും തിരിച്ചറിയുന്ന ഡോക്ടർ ജന്മ നാട്ടിലെ സാധാരണക്കാരിലേക്കും ക്യാൻസർ ചികിത്സയുടെ ഏറ്റവും പുതിയ സേവനങ്ങൾ പകർന്ന് കൊടുക്കാൻ സദാ ജാഗരൂകയുമാണ്. ആരോഗ്യ സേവന രംഗത്ത് ജീവിതം ഉഴിഞ്ഞുവെച്ചതിനൊപ്പം, സാമൂഹിക സാംസ്കാ





രിക രംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ച ഡോക്ടർ സാറാ, ഫോമാ വിമൻസ് ഫോറം ചെയർ എന്ന നിലയിൽ നടത്തിയ പ്രവർത്തനം ഏറെ പ്രശംസിക്കപ്പെട്ടിരുന്നു

പ്രൊഫഷനുമായി ബന്ധപ്പെട്ട തിരക്കുകൾക്കിടയിലും മലയാള ഭാഷയോടും സാഹിത്യത്തോടും സ്കൂൾ കാലത്തിലേ കൂടെകൂട്ടിയ സ്നേഹം ഇന്നും മനസോട് ചേർത്തുവെക്കുന്നു ഡോക്ടർ. മലയാളത്തോടുള്ള ആ ആത്മബന്ധത്തിന് തെളിവാണ്, ന്യൂയോർക്കിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന (ഇപ്പോൾ ഓൺ ലൈനായി തുടരുന്ന) 'ജനനി' മാസികയുടെ ലിറ്റററി എഡിറ്ററെന്ന നിലയിലെ പ്രവർത്തനങ്ങൾ. ജനനി മാസികയിൽ മുൻപ് സ്ഥിരമായി വനിതാരംഗം പംക്തിയും ഡോ: സാറാ ചെയ്തിരുന്നു. 'നിലയ്ക്കാത്ത സ്പന്ദനം' എന്ന പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ക്യാൻസറുമായി ബന്ധപ്പെട്ട് സാമൂഹ്യ ബോധവൽക്കരണത്തിനായി നിരവധി ലേഖനങ്ങൾ എഴുതിയിട്ടുള്ള ഡോ . സാറ ഈ വിഷയത്തിൽ സെമിനാറുകളും നടത്തിവരുന്നു .ബ്രെസ്റ്റ് കാൻസർ അവേയർനെസ്, ഗെറ്റിംഗ് ഓൾഡ് ഗ്രേസ്ഫുള്ളി തുടങ്ങി അമേരിക്കയിൽ മലയാളി സമൂഹത്തിനു വേണ്ടി പല സെമിനാറുകളും ഡോ: സാറാ ഈശോയുടെ മേൽനോട്ടത്തിൽ നടത്തപ്പെട്ടിട്ടുണ്ട്. കാൻസർ എന്ന രോഗത്തെ കുറിച്ചുള്ള അജ്ഞതയും അന്ധവിശ്വാസങ്ങളും തള്ളിക്കളഞ്ഞുകൊണ്ട് വിദഗ്ദ ചികിൽസ തേടാൻ മടിക്കരുതെന്ന് ആളുകളെ ഉപദേശിക്കാൻ എന്നും മുന്നിൽ നിൽക്കുന്നു ഡോ . സാറ.

ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ മികച്ച ഡോക്ടർക്കുള്ള പുരസ്കാരമടക്കം ബഹുമതികൾ സ്വന്തമാക്കിയ ഡോ. സാറാ ഈശോയുടെ സേവനങ്ങൾ എന്നും ആദരങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ട്. ക്യാൻസർ രോഗികളായ നിരവധി പേർക്ക് ആശ്വാസമാകുമ്പോഴും ഇതൊക്കെ തന്റെ കടമയാണെന്ന് മാത്രം കരുതി സേവനം തുടരുന്ന ഡോക്ടർ, ലാളിത്യത്തിന്റെയും മാതൃകയാണ്.

നാട്ടിലെ നിരവധി പാവപ്പെട്ട രോഗികളുടെ സഹായാഭ്യർത്ഥനകൾ ഞാൻ ഡോക്ടർക്ക് മുന്നിലേക്ക് വച്ചപ്പോൾ യാതൊരു മടിയും കൂടാതെ ആ ജീവിതങ്ങളിലേക്കൊക്കെയും കാരുണ്യഹസ്തം നീട്ടിയ ഡോക്ടറുടെ സേവനങ്ങളെ എന്നും സ്നേഹാദരങ്ങളോടെയാണ് കാണുന്നത് .

കുടുംബബന്ധങ്ങളുടെ ശാക്തീകരണം ലക്ഷ്യമിട്ട് രൂപീകരിക്കപ്പെട്ട ആഗോള മലയാളി കൂട്ടായ്മയായ എംപാഷ ഗ്ലോബലിന്റെ ഉപദേശക സമിതിയിലും ഡോക്ടറുടെ സേവനമുണ്ട്.

ന്യൂജേഴ്സിയിലെ പ്രശസ്തമായ ബർണബാസ് ഹെൽത്ത് മെഡിക്കലിൽ സേവനം ചെയ്യുന്ന ഡോ.സാറയുടെ നേതൃത്വത്തിൽ ന്യൂ ജേഴ്സിയിലെ ഛഋഋഅച ഇീഘ്യേ യിലുള്ള "OCEAN HEMATOLOGY & ONCOLOGY ' സെന്റർ ക്യാൻസർ ചികിത്സാ രംഗത്തെ പ്രശസ്ത സ്ഥാപനമാണ്.ഒ ാരോ രോഗിയെയും അവരുടെ ആവശ്യങ്ങളറിഞ്ഞ് ശ്രദ്ധയോടെ പരിചരിക്കുന്നതിന് മുൻഗണന നൽകുന്നു, ഇവിടെ. (www.ocean-hemonc.com)

**ഡോക്ടറുടെ ജീവിതത്തിലൂടെ ........**

കോട്ടയത്തിനടുത്ത് പള്ളത്ത് അമ്മ വീട്ടിലായിരുന്നു ഡോ . സാറയുടെയും സഹോദരങ്ങളുടെയും ബാല്യവും കൗമാരവുമെല്ലാം, കഴിഞ്ഞുപോ



യത് -അമ്മ ഒറ്റമകളായിരുന്നു. നെൽപ്പാടങ്ങൾ അതിരിടുന്ന ആ പ്രദേശത്ത് തൊട്ടടുത്തായിരുന്നു പ്രസിദ്ധമായ കരിമ്പിൻ കാലാ കടവും കരിമ്പിൻ കാലാ ഷാപ്പുമൊക്കെ. പിന്നീട് പുതുപ്പള്ളിയിൽ സ്വന്തം നാട്ടിലേക്ക് കുടുംബം വീട് വച്ച് താമസമാക്കി. അപ്പോഴേക്കും പിതാവ് മോസസ് സാർ റിട്ടയർ ചെയ്തിരുന്നു.

പുസ്തകങ്ങൾക്കും വായനയ്ക്കുമൊപ്പം മക്കളെ ചേർത്ത് പിടിച്ചു നടത്തിയ, സ്നേഹിക്കാൻ മാത്രമറിയുന്ന , പിതാവിന്റെ തമാശ കലർന്ന സംസാരങ്ങളും ശുഭാപ്തിവിശ്വാസം നിറഞ്ഞ ജീവിതവും ഒപ്പം നിന്ന് ജീവിതം കരുപ്പിടിപ്പിച്ച അമ്മച്ചിയുടെ കരുതലും തങ്ങളുടെ ജീവിതത്തിന്റെ ചാലക ശക്തിയായിരുന്നു എന്ന് 'നിലയ്ക്കാത്ത സ്പന്ദനം' എന്ന പുസ്തകത്തിൽ ഡോക്ടർ വികാര വായ്പോടെ അനുസ്മരിക്കുന്നുണ്ട് .

**കോളജ് പഠനകാലവും മെഡിസിൻ പഠനവും-ഓങ്കോളജി തിരഞ്ഞെടുത്തത് എങ്ങനെ ?**

കോട്ടയം ബി സി എം കോളേജിൽ പഠിച്ച്, കോട്ടയം മെഡിക്കൽ കോളജിൽ നിന്ന് എം ബി ബി എസ് എടുത്തു, അത് കഴിഞ്ഞ് അമേരിക്കയിലെത്തി ഇന്റേണൽ മെഡിസിനിൽ റെസിഡെൻസി ചെയ്തു. തുടർന്ന് ന്യൂയോർക് മെഡിക്കൽ കോളേജിൽ നിന്ന് ഹീമറ്റോളജി & ഓങ്കോളജിയിൽ ഫെലോഷിപ് ചെയ്തു. അന്ന് ഹീമറ്റോളജി & ഓങ്കോളജി തിരഞ്ഞെടുത്തതിന് പിന്നിൽ പ്രത്യേക അഭിനിവേശം ഒന്നുമായിരുന്നില്ല കാരണം. യാദൃശ്ചികമായി സംഭവിച്ചതാണ്.എന്നാൽ പിന്നീട് ഒരിക്കലും തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല. കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടയില് ഈ ഓങ്കോളജി മേഖലയിൽ ഉണ്ടായിരിക്കുന്ന വളർച്ച അതിശയകരമാണ്.

മറ്റൊരു മെഡിക്കൽ ഫീൽഡിലും ഇല്ലാത്ത പുരോഗതിയാണ് കാൻസർ ചികില്സാരംഗത്ത് ഉണ്ടായിട്ടുള്ളത്.

നാട്ടിൽ മെഡിസിൻ പഠിക്കുന്ന സമയത്തു കാൻസർ ചികിത്സ എന്ന് പറയുന്നത് തീരെ ആശാവഹമായിരുന്നില്ല . അന്നൊക്കെ കാൻസർ രോഗികളെ ചികില്സിക്കുന്ന മെഡിക്കൽ കോളേജിലെ വാർഡിലേക്ക് ആരും പോകുക പോലുമില്ലാത്ത അവസ്ഥയായിരുന്നു. ഒരുതരം അവഗണിക്കപ്പെട്ട സ്ഥിതി, കാരണം അന്ന് ചികിത്സക്ക് ഏറെ പരിമിതികളുണ്ടായിരുന്നു. വേദന സഹിച്ച് എല്ലും തോലുമായ അവസ്ഥയിലായിരുന്നു പല രോഗികളും.

റേഡിയേഷൻ കൊടുക്കുന്ന ഒരു വാർഡ് മാത്രമായിരുന്നു മെഡിക്കൽ കോളേജിലൊക്കെ ഉണ്ടായിരുന്നത്. അവിടേക്ക് പോകാൻ പോലും മെഡിക്കൽ സ്റ്റുഡന്റ്സ് മടിച്ചിരുന്നു. വളരെ ശോചനീയമായ ആ അവസ്ഥയിൽ കാൻസർ രോഗികൾക്ക് പ്രതീക്ഷകളേറെയൊന്നും ഉണ്ടായിരുന്നില്ല. കീമോ തെറാപ്പിയൊന്നും അന്ന് ഇല്ല. കാൻസർ എന്നാൽ ക്ഷീണിച്ച് എല്ലും തോലുമായി രോഗികൾ കടുത്ത വേദനയിലൂടെ കടന്നുപോകുന്ന അവസ്ഥ.

അമേരിക്കയിലെത്തിയ ആദ്യകാലങ്ങളിലും ഏതാണ്ട് സമാനമായ അവസ്ഥ ആണ് കാണുവാൻ കഴിഞ്ഞത്.




**എപ്പോൾ മുതലാണ് ക്യാൻസർ ചികിത്സാ മേഖലയിൽ ശുഭകരമായ മാറ്റങ്ങൾ കണ്ടു തുടങ്ങിയത്**

പക്ഷെ ഹീമറ്റോളജി ഓങ്കോളജിയിൽ ഫെല്ലോഷിപ് ചെയ്യുന്ന സമയത്തു പുതിയ മരുന്നുകൾ വന്നുകൊണ്ടിരുന്നു. തുടർന്ന് ഈ 25, 30 വർഷം കൊണ്ട് കാൻസർ ചികിത്സയിൽ ആഗോള തലത്തിൽ തന്നെ ഉണ്ടായപുരോഗതി അവിശ്വസനീയമാണ്. അന്നൊക്കെ എല്ലാ രോഗങ്ങൾക്കും കൊടുക്കാൻ വിരലിലെന്നാവുന്നത്ര കീമോ തെറാപ്പി മരുന്നേ ഉണ്ടായിരുന്നുള്ളു . ഇന്ന് ഓരോ പ്രത്യേകതരം ക്യാൻസറിനും അതിന്റെതായ മോളിക്കുലർ ലെവലിൽ വരെ ഉള്ള മാറ്റങ്ങൾ കണ്ടുപിടിച്ചിട്ട് അത് ടാർഗറ്റ് ചെയ്യുന്ന ചികിൽസ വരെ ലഭ്യമാണ്. അതുകൊണ്ട് കാൻസർ ഇന്ന് ''ഇൻക്യൂറബിൾ'' എന്ന അവസ്ഥയിൽ നിന്ന് ഏറെ മാറിയിരിക്കുന്നു. കൂടുതൽ ആളുകൾ കാൻസർ രോഗത്തിൽ നിന്ന് സുഖം പ്രാപിക്കുന്നു എന്നതാണ് ശുഭകരമായ വാർത്ത.

ഡയബെറ്റിസ്, ഹൈപ്പർ ടെൻഷൻ തുടങ്ങിയ അസുഖങ്ങൾ പോലെ മരുന്ന് കഴിച്ചാൽ കുറയുന്ന അസുഖമെന്ന നിലയിൽ ക്യാൻസറിനെയും ആളുകൾ കണ്ട് തുടങ്ങി. പണ്ട് ചിന്തകളിലെ പേടി സ്വപ്നമായിരുന്ന അവസ്ഥയിൽ നിന്ന് ''ലിവിങ് വിത്ത് കാൻസർ''- ക്യാൻസറിനൊപ്പം ജീവിക്കുക- എന്ന കുറച്ചുകൂടി ഗൗരവം കുറഞ്ഞ സ്വീകാര്യമായ അവസ്ഥയിലേക്ക് ഈ രോഗവും രോഗികളും എത്തിയിരിക്കുന്നു. രോഗികൾക്ക് പ്രതീക്ഷനൽകാൻ ഈ അസുഖവുമായിട്ട് പോരാടാൻ സഹായിക്കുന്ന മരുന്നുകൾ നമ്മുടെ കൈയിലുണ്ടെന്ന സന്തോഷം നൽകുന്ന ആത്മവിശ്വാസം ചെറുതല്ല. ഒരു ഓങ്കോളജിസ്റ്റ് എന്ന നിലയിൽ ഇത്ര കാലം ഈ രംഗത്ത് വർക്ക് ചെയ്തത് കൊണ്ട് ആഗോള തലത്തിൽ തന്നെ ക്യാൻസറിനെതിരായ പോരാട്ടത്തിൽ പങ്ക് ചേരാൻ സാധിച്ചതിൽ അഭിമാനമുണ്ട് . ഇങ്ങനെയൊരു ഫീൽഡിൽ എത്തിയത് കൊണ്ട് ചികിത്സാ രംഗത്തെ ഈയൊരു മുന്നേറ്റം അടുത്തറിയാനും അത് രോഗികളിൽ നല്ല റിസൾട്ട് ഉണ്ടാക്കുന്നത് കാണാനും സാധിച്ചതാണ് ഓങ്കോളജിസ്റ്റ് എന്ന നിലയിലെ ഏറ്റവും വലിയ സന്തോഷം.

**രോഗത്തിന്റെ തീവ്രാവസ്ഥകളിലൂടെയാവും പലപ്പോഴും ക്യാൻസർ രോഗികൾ കടന്നു പോവുക, ഇത്തരമൊരവസ്ഥയിൽ നഷ്ടധൈര്യരാകാതെ അവരെ ജീവിതത്തോട് ചേർത്ത് നിർത്തുക വലിയ ഉത്തരവാദിത്വമല്ലേ**

തീർച്ചയായും , ക്യാൻസർ ചികിത്സാ രംഗം ഏറെ വളർന്നെങ്കിലും രോഗികൾക്ക് ഈ രോഗത്തോട് എന്നും ഭയപ്പാടുണ്ട് . മിക്ക രോഗികൾക്കും അവരുടെ കുടുംബങ്ങൾക്കും രോഗത്തെക്കുറിച്ച് ഏറെ ആശങ്കകളുണ്ട്, രോഗത്തെക്കുറിച്ച് തെറ്റായ കാര്യങ്ങളും ബോധ്യങ്ങളുമാവും അവർ വച്ചുപുലർത്തുന്നത് . അവരെ പറഞ്ഞു മനസിലാക്കുക എന്നത് വലിയ വെല്ലുവിളിയാണ്, അതിന് ക്ഷമയേറെ ആവശ്യമാണ്. രോഗികൾ ഡോക്ടറിൽ നിന്നും മറ്റ് ആതുര ശുശ്രൂഷകരിൽ നിന്നും ഏറെ സ്നേഹം പ്രതീക്ഷിക്കുന്നു, അത് മനസിലാക്കി വേണം ഓരോ രോഗിയെയും കാണേണ്ടത്, അതിനായി ശ്രമിക്കാറുണ്ട് .

**ക്യാൻസർ ചികിത്സാ രംഗത്തെ വളർച്ചയെ വിലയിരുത്താമോ?**

ക്യാൻസർ ചികിത്സാ രംഗത്തു ദിവസവും സംഭവിച്ചു കൊണ്ടിരിക്കുന്ന അദ്ഭുതാവഹമായ മാറ്റങ്ങൾ പഠിക്കാൻ പറ്റുന്നത് മികച്ച എക്സ് പീരിയൻസ് ആണ്. ഈ രംഗത്ത് ഓരോ ദിവസവും നിരവധി ഗവേഷണങ്ങളും മരുന്നുകളും പുറത്തുവരുന്നു. എല്ലാം പഠിച്ചു കഴിഞ്ഞു എന്ന ചിന്ത ഈ ഫീൽഡിൽ വേണ്ട. കാരണം ദിവസേന ചികിൽസകളും മരുന്നുകളും വ്യത്യസ്തമാകുന്നു. ഓരോ ദിവസവും ഒരു വിദ്യാർത്ഥി എന്ന നിലയിൽ പഠനം തുടരുവാനും അത് പ്രായോഗികമാക്കാനും കഴിയുന്നു. ഈ പ്രൊഫഷനിൽ തുടരുന്നിടത്തോളം കാലം ഒരു സ്റ്റുഡന്റ് ആയി തന്നെ തുടർന്നെ പറ്റൂ.



**ക്യാൻസർ ചികിത്സയിൽ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ എന്തൊക്കെ?**

ക്യാൻസർ നേരത്തേ കണ്ടെത്തുക എന്നത് ചികിത്സയിൽ ഏറെ പ്രധാനമാണ്, ഇക്കാര്യങ്ങളിൽ ബോധവത്കരണത്തിന് സമയം കണ്ടെത്താറുണ്ട് .

സ്ക്രീനിംഗ് വഴി സ്തനാർബുദം പോലുള്ളവ നേരത്തെ കണ്ടെത്താവുന്നതാണ് . ചികിത്സ ഏറെ പുരോഗമിച്ച ഇക്കാലത്ത് പോലും, തുടക്കത്തിലേ കണ്ടെത്താമായിരുന്ന ക്യാൻസറുകൾ ശ്രദ്ധിക്കാതെയും ചികിൽസ തേടാതെയും അഡ്വാൻസ്ഡ് ഘട്ടത്തിൽ നിരാശ്രയരായി വരുന്ന രോഗികളെ കാണുമ്പോൾ വിഷമവും നിരാശയുമാണ് തോന്നാറുള്ളത്.

അതുപോലെ തന്നെ രോഗികൾക്ക് ഏറെ ശാന്തവും വൃത്തിയുള്ളതുമായ അന്തരീക്ഷവും ലഭ്യമാക്കേണ്ടതുണ്ട് .

(ഡോ. സാറയുടെ നേതൃത്വത്തിലുള്ള 'OCEAN HEMATOLOGY & ONCOLOGY' ഓരോ രോഗിയെയും അവരുടെ ആവശ്യങ്ങളറിഞ്ഞ് ശ്രദ്ധയോടെ പരിചരിക്കുന്നതിന് മുൻഗണന നൽകുന്നു.)

ഒരേതരം ക്യാൻസർ ആണെങ്കിലും ഓരോരുത്തരിലുമുള്ള ചികിൽസ വ്യത്യസ്തമായേക്കാം. കാരണം പുറമെ സാമ്യത ഉണ്ടായാലും കോശങ്ങളിലെ ജനിതക വ്യതിയാനങ്ങൾ ഓരോ രോഗിയ്കും വ്യത്യസ്തം ആണെന്നത് തന്നെ. അത് കൊണ്ട് “one size fits all" എന്ന നിലപാടിൽ നിന്നും ക്യാൻസർ ചികിൽസ ഇപ്പോൾ ഓരോ രോഗിയ്ക്കും അനുയോജ്യമായ നിലയിൽ രൂപപ്പെടുത്താറുണ്ട്.

**ക്യാൻസർ സർവൈവേഴ്സ് ഡേ ആഘോഷങ്ങളെകുറിച്ച് ?**

ക്യാൻസർ രോഗികളെയും അവരുടെ കുടുംബങ്ങളെയും ആദരിച്ചുകൊണ്ട് എല്ലാ വർഷവും ഞങ്ങളുടെ ഓഫീസ് കാൻസർ അതിജീവിതരുടെ ദിനം- Cancer survivors day എന്ന പേരിൽ ആഘോഷിക്കുന്നു. ക്യാൻസർ ബാധിതരായവർക്ക് കുറച്ചു നേരമെങ്കിലും ദുഖങ്ങൾ മറന്ന് ജീവിതം ആഘോഷിക്കാനുള്ള അവസരവും വിനോദങ്ങളും ഭക്ഷണവും ഒരുക്കി നൽകുന്നു.

കഴിഞ്ഞ ഒരു പരിപാടിയിൽ മാധ്യമ സുഹൃത്തുക്കൾക്കൊപ്പം ചിറമേൽ അച്ചനും പങ്കെടുത്ത് ആ ദിനത്തെ ധന്യമാക്കി

**ഓങ്കോളജി ഡിപ്രെഷന്റെയും കൂടി നാളുകളിലേക്കല്ലേ നമ്മെ തള്ളി വിടുക, പിന്നെ എന്തുകൊണ്ട് ഈ രംഗം തന്നെ പ്രൊഫഷൻ എന്ന നിലയിൽ തിരഞ്ഞെടുത്തു?.**

ഡിപ്രെഷനല്ലേ ഈ ഫീൽഡിൽ , എന്ത്കൊണ്ട് ഈ ഫീൽഡ് തിരഞ്ഞെടുത്തു എന്ന് പലരും ചോദിക്കാറുണ്ട്, ദിവസം ഒരു തവണയെങ്കിലും ഈ ചോദ്യത്തിലൂടെ ഞാൻ കടന്നു പോവാറുണ്ട്. രോഗികളോട് ഡയഗ്നോസിസ് പറയുന്നതെങ്ങനെ, അഡ്വാൻസ്ഡ് സ്റ്റേജ് ആണെങ്കിൽ എത്ര ചികിൽസിച്ചാലും റിസൾട്ട് നെഗറ്റീവ് ആകും എന്ന് മുൻകൂട്ടി അറിഞ്ഞുകൊണ്ട് എങ്ങനെ ഈ അസുഖം കൈകാര്യം ചെയ്യുന്നു എന്ന് പലരും ചോദിക്കാറുണ്ട്.

ആരെങ്കിലുമൊക്കെ ഇക്കാര്യങ്ങൾ ചെയ്തല്ലേ




പറ്റൂ എന്നാണ് ഇതിന് നൽകാനുള്ള മറുപടി. നമുക്ക് ഇങ്ങനൊരു സിറ്റുവേഷൻ വന്നാൽ ഇക്കാര്യങ്ങൾ പറഞ്ഞു മനസിലാക്കി തരാൻ ആരെങ്കിലും വേണ്ടേ, അതേ ഞാനും ചെയ്യുന്നുള്ളു .

ഒരു രോഗിയെ വെറും രോഗി എന്ന നിലയിൽ മാത്രം കാണാതെ ഒരു മനുഷ്യനായി കണ്ട്, വ്യക്തിയായി കണ്ട് പ്രത്യേക സാഹചര്യത്തിൽ അവരുടെ കുടുംബത്തിനും അവർക്കുമുള്ള ആവശ്യം മനസിലാക്കി അവരുടെ ദുരിതയാത്രയിൽ കൈപിടിച്ചു കൊണ്ടുപോകാൻ ആരെങ്കിലും ഉണ്ടാകുന്നത് ആശ്വാസമല്ലേ . നിരവധി പേരുടെ ഇത്തരം വേദന നിറഞ്ഞ ദുരിതയാത്രകളിൽ അവർക്കൊരു പിന്തുണ ആയി ഒപ്പം നില്ക്കാൻ കഴിഞ്ഞു എന്നത് ആണ് ഓങ്കോളജിസ്റ്റ് എന്ന നിലയിലെ ചാരിതാർത്ഥ്യം.

20, 25വർഷം മുൻപ് ട്രീറ്റ് മെന്റ് ഒന്നുമില്ലാതിരുന്ന അസുഖങ്ങൾ ഇന്ന് പൂർണമായി സുഖം ആകുന്നു. ആ ഒരു പുരോഗതി അത്ഭുതത്തോടെ മാത്രമേ കാണാനാവു. അത് പ്രായോഗികമാക്കാനും ഈ ഫീൽഡിൽ കഴിയുന്നു എന്നത് ഈ കരിയറിൽ വളരെ സന്തോഷം നൽകുന്നു.

**സംഘടനാ തലത്തിലെ പ്രവർത്തനങ്ങൾ ?**

ഫോമാ വിമൻസ് ഫോറം മീറ്റിംഗുകളിൽ സംബന്ധിച്ചിരുന്നു, സെമിനാറുകൾ നടത്തിയിരുന്നു. രണ്ട് വർഷക്കാലം ഫോമാ നാഷണൽ വിമൻസ് ഫോറം ചെയർപേഴ്സണായിരുന്നു, നല്ല ആൽമാർത്ഥമായി പ്രവർത്തിക്കുന്ന ഒരു ടീം ഒപ്പമുണ്ടായിരുന്നതുകൊണ്ട് അവരുടെ സഹായത്തോടെ കുറെ ചാരിറ്റി വർക്കുകൾ ചെയ്യാൻ പറ്റി , നാട്ടിലെ കുറച്ച് നേഴ്സിങ് വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ് കൊടുക്കാൻ സാധിച്ചു , നാട്ടിലെ കേരളത്തിലെ പാലിയേറ്റിവ് കെയർ- പാലിയം ഇന്ത്യക്ക് അവരുടെ വിമൻസ് ഫോറം എംപവർമെന്റ് പ്രോഗ്രാമിന് വേണ്ടി ഒരു നല്ല തുക ഡൊണേറ്റ് ചെയ്യാൻ പറ്റി.

ഐ പി സി എൻ എ യുടെ നാഷണൽ ലെവലിൽ ജോയിന്റ് സെക്രട്ടറി ആയിരുന്നിട്ടുണ്ട്, ഐ പി സി എൻ എ യുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കാറുണ്ട്

**കുട്ടിക്കാലത്തെ ജീവിതം എങ്ങനെ എഴുത്തിനെയും വായനയേയും സ്വാധീനിച്ചു, പിതാവ് ഷെയ്ക്സ്പിയർ കൃതികൾ വിവർത്തനം ചെയ്തു എന്ന് കേട്ടിട്ടുണ്ട് :-**

മാതാപിതാക്കൾ അധ്യാപകർ ആയിരുന്നു എന്നത് സ്വാഭാവികമായും വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം ബാല്യത്തിൽ തന്നെ വേരുറപ്പിക്കുവാൻ സഹായിച്ചു. ഫാദറായിരുന്നു വായനയിലും സാഹിത്യത്തിലും റോൾ മോഡൽ. അദ്ദേഹം മലയാളം പണ്ഡിറ്റ് ആയിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും വലിയ നേട്ടം ഷെയ്ക്സ്പിയർ കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാണ് . മുഴുവൻ ഷെയ്ക്സ്പിയർ കൃതികളും വിവർത്തനം ചെയ്യാനായി അദ്ദേഹം ശ്രമിച്ചു , കുറെ കൃതികൾ രണ്ട് വോളിയങ്ങളിലായി പബ്ലിഷ് ചെയ്തു. ആദ്യമായിട്ട് ഇത്രയും ഷേക്സ്പിയർ കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് അദ്ദേഹമാണ്. ആ സംരംഭം പൂർത്തിയാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.

ജീവിതത്തിന്റെ കടുത്ത വെല്ലുവിളികളെ ചിരിച്ചുകൊണ്ട് നേരിട്ട ആളായിരുന്നു അദ്ദേഹം. അദ്ദേ

ഹത്തെ കുറിച്ച്  പറയുമ്പോൾ കണ്ണുനീരിനൊപ്പം ഒരു ചെറുപുഞ്ചിരിയും മുഖത്ത് വിരിയും അദ്ദേഹത്തെ അടുത്തറിയുന്ന ആർക്കും .

മനുഷ്യർ തമ്മിൽ വലിപ്പച്ചെറുപ്പമില്ലെന്ന ബോധം വളരെ ചെറുപ്പത്തിൽ തന്നെ ഞങ്ങളുടെ മനസ്സിൽ വേരുറപ്പിച്ചിരുന്നു. കൂലിപ്പണിക്കാർക്കും മുതലാളിമാർക്കും വീട്ടിൽ ഒരേ സ്ഥാനമാണ് . എല്ലാവരോടും ഒരേ സൗഹൃദം, ഒരേ മേശയിൽ ഭക്ഷണം, അന്നത്തെ കാലത്ത് പലർക്കും ചിന്തിക്കാൻ പോലും കഴിയാത്ത കാര്യമായിരുന്നു അത് .പിതാവായ മോസസ് സാറും അമ്മ ശോശാമ്മ ടീച്ചറും തങ്ങളെ വളർത്തിയതിനെ കുറിച്ച് ഡോ. സാറ 'നിലയ്ക്കാത്ത  സ്പന്ദന'ത്തിൽ ഓർത്തെടുക്കുന്നു.



ഞങ്ങൾ സഹോദരങ്ങളായി  നാലു പേരാണ്. ഞാനാണ് ഏറ്റവും ഇളയത്. സഹോദരങ്ങളുടെയും മറ്റ് കുടുംബാംഗങ്ങളുടെയും സ്നേഹവും പിന്തുണയുമൊക്കെ എന്റെ എല്ലാ പ്രവർത്തനങ്ങളിലും  എന്നും പ്രചോദനമായിട്ടുണ്ട്.

**ജനനി എന്ന ആശയത്തിലേക്കെത്തിയതെങ്ങനെ ?**

ഓങ്കോളജി പോലെ മനസിനെ ദ്രവിപ്പിക്കുന്ന അനുഭവങ്ങൾക്ക് സാധ്യതയുള്ള  മേഖലയിൽ ജോലി ചെയ്യുമ്പോൾ, മനസിനെ ഒന്ന് ശാന്തമാക്കി, മാനസികാവസ്ഥ ഒന്ന് ബാലൻസ് ചെയ്യാൻ വേറെ ഏതെങ്കിലും ഡൈവേർഷൻ (ഈ ജോലി ഇഷ്ടം തന്നെയെങ്കിലും) ആവശ്യം ആണ്. എങ്കിലേ വ്യക്തിപരമായ ജീവിതത്തിൽ സന്തുലിതാവസ്ഥ ഉണ്ടാവൂ. അങ്ങനെയാണ് ഇടക്ക് വച്ച് നിന്നുപോയ എഴുത്തും വായനയും ഒപ്പം കൂട്ടിയത്

പഠിക്കുന്ന സമയത്തേ  വായനയും  എഴുത്തും ഹരം തന്നെയായിരുന്നു. പിതാവ്  വായനാശീലം ഉള്ള ആളായിരുന്നു, അദ്ദേഹം ഞങ്ങൾ മക്കളിലെ  വായനയെ നന്നായി പ്രോത്സാഹിപ്പിച്ചിരുന്നു. നൂറു കണക്കിന് പുസ്തകങ്ങൾ  അദ്ദേഹത്തിന്റെ ലൈബ്രറിയിൽ ഉണ്ടായിരുന്നു. ലിറ്ററേച്ചറുമായി ബന്ധപ്പെട്ടാകണം എന്റെ ഭാവിയെന്ന് പിതാവ് ആഗ്രഹിച്ചിരുന്നു, എന്നാൽ  അമ്മയ്ക്ക് ഞാൻ ഡോക്ടർ ആകുന്നതിലായിരുന്നു താല്പര്യം. ഒടുവിൽ  സെക്കന്റ് ഗ്രൂപ്പ് എടുത്തുപഠിച്ചു .

മെഡിക്കൽ ഫീൽഡിലെത്തിയതോടെ, മനസ് ആഗ്രഹിച്ചുവെങ്കിലും  സമയമില്ലാതെ എഴുത്തും വായനയും നിർത്തി വെക്കാൻ നിർബന്ധിതയായി. വർഷങ്ങൾ കടന്നുപോയി, നാട്ടിലെയും അമേരിക്കയിലെയും പഠനമൊക്കെ കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ചതോടെ അല്പം സമയം കിട്ടിത്തുടങ്ങി. ലിറ്ററെറി ഫീൽഡിനോട് താല്പര്യം മനസിലുണ്ടായിരുന്നത് കൊണ്ട്  ആ രംഗവുമായി ബന്ധപ്പെട്ട് നീങ്ങാൻ തന്നെ തീരുമാനിച്ചു. അതുമായിട്ട് ചേർന്ന് പോകുന്ന ആളുകളെ കിട്ടിയപ്പോൾ ഒരുമിച്ചൊരു മാസിക തുടങ്ങാൻ തീരുമാനിക്കുകയായിരുന്നു ,അങ്ങനെയാണ് 'ജനനി' മാസികയുടെ പിറവി.  22 വർഷമായി 'ജനനി' എന്ന മാസിക മുടങ്ങാതെ പ്രിന്റ് ആയി നടത്തി വന്നു. (കോവിഡ് മൂലം പ്രിന്റ് നിർത്തി 'ജനനി' ഓൺലൈൻ ആയാണ്  പബ്ലിഷ് ചെയ്യുന്നത്)

കഥ കവിത, ലേഖനങ്ങളടക്കം കേരളത്തിലെയും അമേരിക്കയിലെയും എഴുത്തുകാരുടെ രചനകളുൾപ്പെടെ സമ്പൂർണ കുടുംബമാസികയായിട്ടാണ് 'ജനനി' പ്രിന്റ് ആയി ഇറങ്ങിയിരുന്നത്.

**കെട്ടിലും മട്ടിലും ഏറെ ആകർഷകവും , വിജ്ഞാന പ്രദവുമായിരുന്നു  ജനനി മാസികയുടെ ഓരോ ലക്കങ്ങളും, സാമ്പത്തികമായി 'ജനനി' ഏറെ പ്രയാസങ്ങൾ നേരിട്ടിരുന്നു, അല്ലെ?**

ജോലിതിരക്കിനിടെ 'ജനനി ' പോലൊരു സംരംഭം അമേരിക്കയിൽ തുടങ്ങുന്നു എന്നത് അതിസാഹസികമായിരുന്നു, കാരണം  നഷ്ടങ്ങളല്ലാതെ അതിൽ യാതൊരു സാമ്പത്തികനേട്ടവുമില്ല എന്നത്  തന്നെ. ഈ മേഖലയിൽ  നിന്ന് കിട്ടുന്ന മാനസിക സംതൃപ്തി മാത്രമാണ് പ്രതിഫലം. ബൃഹത്തായ ഒരു  സൗഹൃദവലയം ഉണ്ടാക്കാൻ സാധിച്ചു എന്നത് വലിയൊരു നേട്ടം തന്നെയാണ്. സാഹിത്യ രംഗത്ത് പ്രവർത്തിക്കുന്ന, മലയാളഭാഷയോട് താല്പര്യമുള്ള ആളുകളോട് ഇടപെഴ




കാനും നിരവധി സാഹിത്യ ചർച്ചകള്  നടത്താനും അവസരം ലഭിച്ചു. അമേരിക്കയിലെ മലയാള മാധ്യമരംഗത്ത് പ്രവർത്തിക്കുന്നവരുമായും സൗഹൃദം പുലർത്താൻ ജനനി വഴിയൊരുക്കി.

**അമേരിക്കൻ മലയാളികൾക്കിടയിൽ ശ്രദ്ധേയ സ്ഥാനം നേടിയെടുത്ത ജനനിയുടെ യാത്രയ്ക്ക് പിന്നിലെ കൂട്ടായ നേതൃത്വം പ്രശംസനീയമാണ്**

അതേ, ജനനി മാസികയ്ക്ക് പിന്നിൽ രണ്ട് ചാലക ശക്തികൾ കൂടിയുണ്ട് . ദീർഘകാലം അധ്യാപകനായിരുന്ന ജെ  മാത്യു സാർ, അദ്ദേഹത്തിന്  മലയാള ഭാഷയോടും സാഹിത്യത്തോടും നല്ല പ്രതിപത്തിയുണ്ട്, ജെ  മാത്യൂസ് സാറാണ് ജനനിയുടെ ചീഫ് എഡിറ്റർ. അതുപോലെതന്നെ സമൂഹ്യപ്രവര്ത്തനങ്ങളിൽ  ശ്രദ്ധ നേടിയ  ശ്രീ സണ്ണി പൗലോസ്, അദ്ദേഹമാണ് മാനേജിങ് എഡിറ്റർ.  അവർ രണ്ടുപേരുടെയും പരിശ്രമം കൊണ്ടാണ് ഇങ്ങനെ ഒരു മാസിക തുടങ്ങാൻ കഴിഞ്ഞതും നീണ്ട രണ്ട് പതിറ്റാണ്ടിലേറെ അത് വിജയകരമായി കൊണ്ട്പോകാനായതും.

അതുപോലെ മറ്റു മേഖലകളിലും   പിന്തുണ നല്കുന്ന നിരവധി ആളുകളുണ്ട്.   ഓങ്കോളജിയിലും സാഹിത്യത്തിലും ഒക്കെ ഒരു mentor എന്ന് പറയാവുന്ന  ഗുരു തുല്യനാണ്  ഡോ. എം വി പിള്ള.  അങ്ങനെ   മാതൃകയായി, അല്ലെങ്കിൽ ഒരുപാട് സപ്പോർട്ട് ചെയ്യുന്ന നിരവധി പേർ  കുടുംബത്തിലും അല്ലാതെയും ഉള്ളതുകൊണ്ടാണ് എന്തെങ്കിലുമൊക്കെ ചെയ്യാൻ പറ്റുന്നത്.

**ക്യാൻസറിനെ കുറിച്ച അജ്ഞത ഇന്നും ജനങ്ങളിലുണ്ട് , ബോധവത്കരണ സെമിനാറുകൾ ജനങ്ങൾക്കിടയിൽ ഇക്കാര്യത്തിൽ കുറെയൊക്കെ ശ്രദ്ധ വളർത്താൻ സഹായകമാകുന്നില്ലേ?**

പലപ്പോഴും നല്ല വിദ്യാഭ്യാസമുള്ള ആളുകൾക്കിടയിൽ പോലും കാൻസറിനെക്കുറിച്ച് വലിയ അജ്ഞതയാണ്. ക്യാൻസറാണെന്ന് ആരെങ്കിലും പറഞ്ഞാൽ, അല്ലെങ്കിൽ ഒരു ചെറിയ മുഴ എവിടെങ്കിലും വന്നാൽ എപ്പോഴും വളരെ  പേടിച്ച് ഒതുങ്ങി പോകുന്ന ആളുകൾ ആണ് നമ്മുടെ മലയാളികൾ. ഇമിരല്യ ചികിൽസയെകുറിച്ചുള്ള വിവരങ്ങളും പുരോഗതികളും പുറത്തുവന്നിട്ടും ക്യാൻസർ എന്ന രോഗത്തെ ഭീതിയോടെ കാണുന്നവരാണ് ഒട്ടു മിക്കവാറും ആളുകൾ.  പല കാൻസറുകളും  സ്ക്രീനിങ് വഴി നേരത്തെ കണ്ടുപിടിച്ച് ചികിത്സ ചെയ്യാനുള്ള സംവിധാനങ്ങളുണ്ട്,  അതെല്ലാം ഇൻഷുറൻസ് മുഖേന അനുവദനീയവുമാണ്. പക്ഷേ അത് പ്രയോജനപ്പെടുത്തുന്നവർ  കുറവാണ്. ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർപോലും പേഴ്സണൽ ഹെൽത്ത് കെയർ ചെയ്യുന്നതിൽ   വളരെ വിമുഖരാണ്. അങ്ങനെയുള്ളവരുടെ ഇടയ്ക്ക്  ബോധവൽക്കരണീ നടത്തുന്നത് വളരെ അനിവാര്യം ആണ്, അതുകൊണ്ട് തന്നെ  അങ്ങനെയുള്ള സെമിനാറുകൾ നടത്താറുണ്ട്.

അത് പോലെ തന്നെ ടിവി ഇന്റർവ്യൂ കളിലും ചിലപ്പോൾ  ഈ വിഷയം അവതരിപ്പിക്കാറുണ്ട്. ഏഷ്യാനെറ്റിൽ ലൈഫ് ആന്റ് ഹെൽത്ത്  വിഭാഗത്തിൽ  വിവിധ ക്യാൻസറുകളെ കുറിച്ച് സംസാരിച്ചിരുന്നു.

ക്യാൻസറിനെ  ഭീതിയോടെ കാണുന്ന അവസ്ഥ മാറ്റിയിട്ട് മറ്റ് അസുഖങ്ങൾ വരുമ്പോൾ എങ്ങനെ അതിനെ സമീപിക്കുന്നുവോ അതേ സമീപനത്തോടെ തന്നെ ക്യാൻസറിനെ നേരിടാൻ ആളുകളുടെ  കാഴ്ചപ്പാട്  മാറ്റിയെടുക്കുക. നേ




രത്തെ കണ്ടുപിടിച്ചാൽ പരിപൂർണ്ണമായും ഭേദമാക്കാവുന്ന അസുഖങ്ങളെ, പേടി കൊണ്ടും അജ്ഞത കൊണ്ടും മറച്ച് വച്ചിട്ട് അവസാനം വളരെ സീരിയസ് ആയ അവസ്ഥ വരുന്ന സാഹചര്യം ഒഴിവാക്കുക. കൂടാതെ അസുഖം വന്നാൽ അത് എങ്ങനെ സമചിത്തതയോടെ നേരിടാം എന്നതിന് ആൾക്കാർക്ക് ട്രെയിനിങ് കൊടുക്കുക. അങ്ങനെയൊക്കെയുള്ള ലക്ഷ്യങ്ങളാണ് ഉള്ളത്.

**ചികിത്സയുമായി ബന്ധപ്പെട്ട് ഹൃദയസ്പർശിയായി തോന്നിയ ഒരു അനുഭവം പങ്കുവെക്കുമോ?**


ഹൃദയസ്പർശിയായി തോന്നിയ സന്ദർഭങ്ങൾ പലതും ഉണ്ടായിട്ടുണ്ട്. ഏകദേശം 15 വർഷങ്ങൾക്കുമുമ്പ് ഒരു പെൺകുട്ടി ബ്രെസ്റ്റ് ക്യാൻസർ ചികിൽസയക്ക് വന്നു. കാഴ്ച്ചയിൽ വളരെ സുന്ദരി. 29 വയസ്സ് മാത്രമായിരുന്നു അവളുടെ പ്രായം. ആയിടെ വിവാഹിതയായവർ. ഒരു വയസ്സ് മാത്രം പ്രായമുള്ള ഒരു കുഞ്ഞവൾക്കുണ്ട്. കുറച്ചു തീവ്രതയേറിയ ക്യാൻസർ ആയതുകൊണ്ട് എല്ലാത്തരത്തിലുമുള്ള ചികിത്സകളിലൂടെയും കടന്നു പോകേണ്ടതായി വന്നു. കീമോയും, റേഡിയേഷനും, സർജറിയുമെല്ലാം വേണ്ടി വന്നു. ശുഭാപ്തി വിശ്വാസത്തോടെ, ഭയങ്കര പോസിറ്റീവ് ആയിട്ടാണ് ഈ ചികിൽസയെല്ലാം ആ കുട്ടി നേരിട്ടത്. പോസിറ്റീവ് ഔട്ട്ലുക്ക് കൊണ്ട് അവൾക്ക് രോഗത്തെ നന്നായിപ്രതിരോധിക്കാൻ കഴിഞ്ഞു. ട്രീറ്റ്മെന്റ് എല്ലാം കഴിഞ്ഞിട്ട് ഒരു അഞ്ചു വർഷം കഴിഞ്ഞതിനുശേഷീ അവൾക്ക് രണ്ടാമതൊരു കുഞ്ഞുണ്ടായി. നല്ല പേടിയുണ്ടായിരുന്നു, ക്യാൻസർ തിരിച്ചു വന്നാലോ, മറ്റ് റിസ്ക് ഉണ്ടോ എന്നൊക്കെ. പക്ഷേ ഒരു കുഴപ്പവുമില്ലാതെ കുട്ടിയുണ്ടായി. ഓരോ പ്രാവശ്യവും ചെക്കപ്പിന് വരുമ്പോൾ അവൾ കുട്ടികളെ കൊണ്ട് വരും, അല്ലെങ്കിൽ കുട്ടികളുടെ ഫോട്ടോ കൊണ്ടുവരും. ആ കുട്ടികളെ കാണുന്നതും അവരുടെ വളർച്ച കാണുന്നതും വളരെ സന്തോഷമുള്ള കാര്യമാണ്. കാരണം ഇത്രയും ബുദ്ധിമുട്ടുള്ള ട്രീറ്റ്മെന്റ് ആ കുട്ടി നേരിട്ട സമയത്ത് അവരെ സപ്പോർട്ട് ചെയ്യാൻ കഴിഞ്ഞല്ലോ, അതുകൊണ്ട് ആ കുട്ടിക്ക് അവരുടെ കുഞ്ഞുങ്ങളുമായി സന്തോഷമായിട്ട് കഴിയാൻ പറ്റുന്നുണ്ടല്ലോ എന്നോർക്കുമ്പോൾ ചാരിതാർഥ്യമുണ്ട്.

ഇങ്ങനെ ഒരുപാട് പേഴ്സണൽ എക്സ്പീരിയൻസ് പല രോഗികളുമായി ഉണ്ടായിട്ടുണ്ട്. ഒരു ഫാമിലി എന്ന രീതിയിൽ അവരോട് ഇടപെടുന്നത് കൊണ്ടാണ് അത്തരമൊരു കണക്ഷൻ ഉണ്ടാവുന്നത്. രോഗികളെ സംബന്ധിച്ചിടത്തോളം അവരോട് കൂടുതൽ വ്യക്തിപരമായി ഇടപെടുന്ന ഒരു ടീം ഉണ്ടെങ്കിൽ അത് വളരെയധികം പ്രയോജനപ്പെടും.

**യുവതലമുറയിലെ ഹെൽത് കെയർ പ്രൊഫെഷണൽസിനോട് പങ്ക് വെക്കാനുള്ള സന്ദേശം**

വളർന്നുവരുന്ന ഡോക്ടർമാരോടും എല്ലാ ഹെൽത്ത്കെയർ പ്രൊഫഷണൽസിനോടും പറയാനുള്ള ഒരു മെസ്സേജ് ഇതാണ്: നിങ്ങൾക്ക്

മുന്നിലെത്തുന്ന രോഗികളെ ഒരു മനുഷ്യനായി, ഒരു വ്യക്തി ആയി കണക്കാക്കി ചികില്സിക്കുക. എല്ലാ രോഗികൾക്കും രോഗത്തെക്കാളുപരി മറ്റ് സ്വകാര്യപ്രശ്നങ്ങൾ ഉണ്ടായിരിക്കാം. ഓരോരുത്തരുടെയും കാഴ്ചപ്പാടുകളും സാഹചര്യങ്ങളും ജീവിതലക്ഷ്യങ്ങളമൊക്കെ വ്യത്യാസം ആയിരിക്കും, അതൊക്കെ മനസ്സിലാക്കി വേണം ട്രീറ്റ്മെന്റ് പ്ലാൻ രൂപീകരിക്കാൻ, അവരുടെ ദുഖങ്ങളോട് ചേർന്ന് നിൽക്കുക , അത് അവർക്ക് ആശ്വാസമാകും, അത് ചികിത്സയിൽ ശുഭകരമായി പ്രതിഫലിക്കും.




**സ്നേഹമയിയായ ഒരു കുടുംബിനിയുമാണ് ഡോക്ടർ എന്ന് മനസിലാക്കിയിട്ടുണ്ട്, കുടുംബം ജോലിയിൽ വലിയ പിന്തുണ നല്കുന്നുണ്ടല്ലേ?**

അതേ, കുടുംബത്തിന്റെ പൂർണ പിന്തുണയിലാണ് ഓരോ ദിവസവും മുന്നോട്ട് പോകുന്നത്. ഭർത്താവ് ഡോ. ജോൺ ഈശോ കുമ്പനാട്ടുകാരനാണ് . ന്യൂയോർക് veterans ഹോസ്പിറ്റലിൽ എൻഡോക്രൈനോളജിസ്റ്റ് ആണ് അദ്ദേഹം. മകൻ മനോജ് ഡോക്ടർ ആണ്, ഫാമിലി മെഡിസിൻ പ്രാക്ടീസ് ചെയ്യുന്നു-സിയാറ്റിലിൽ. മകൾ മെലിസ ലോയർ ആണ്, ന്യൂജേഴ്സിയിൽ അറ്റോർണി general ഓഫീസിൽ വർക്ക് ചെയ്യുന്നു.

ജോലിയിലും മറ്റ് പ്രവർത്തനങ്ങളിലും കുടുംബത്തിന്റെ പിന്തുണ എപ്പോഴും ഒപ്പം ഉണ്ടായിരുന്നു.

**ക്യാൻസർ ചികിത്സയുമായി ബന്ധപ്പെട്ട് ഭാവിയിൽ എന്തെങ്കിലും പ്ലാനുകൾ?**

നാട്ടിലെ ക്യാൻസർ ചികിൽസാരംഗത്ത് പ്രയോജനകരമായ എന്തെങ്കിലും പ്രോജക്ട് നടത്തിയാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ട്. അമേരിക്കയിൽ നടത്തുന്ന എല്ലാ ചികിൽസാ സൗകര്യങ്ങളും നാട്ടിലും ലഭ്യം ആണ്. മിടുക്കരായ ഡോക്ടർമാരും ഉണ്ട്. പക്ഷേ ചികിത്സ എല്ലാവരിലേക്കും ഒരുപോലെ എത്തിക്കാൻ കഴിയുന്നില്ല. പ്രധാന കാരണം ചിലവ് വളരെ കൂടുതൽ ആയതുതന്നെ. പലർക്കും കുടുംബം വിറ്റ് പോലും ചികിത്സ ചെയ്യേണ്ട അവസ്ഥയാണ് ഉണ്ടാവാറ്. അത്ര ചിലവ് ഏറിയതാണ് നാട്ടിലെ ചികിത്സ. പണം ഉള്ളവർക്ക് കിട്ടുന്ന ട്രീറ്റ്മെന്റ് അല്ലാത്തവർക്ക് കിട്ടാൻ സാധിക്കാത്ത ഒരു അവസ്ഥ. ആ ഒരു സാഹചര്യം മാറുന്നതിലേക്ക് എന്തെങ്കിലും ചെയ്യാൻ പറ്റുമോ എന്ന് ആലോചനയുണ്ട്.

**ഡോക്ടറുടെ ആഗ്രഹം പോലെ പാലിയേറ്റിവ് കെയറിലൂടെ നാട്ടിലെ ക്യാൻസർ രോഗികളുടെ വേദനയിൽ ആശ്വാസമേകാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു**

അതേ, പാലിയേറ്റീവ് കെയർ എന്റെ വലിയൊരു പാഷനാണ്. കാൻസർ ചികിൽസ തുടങ്ങുമ്പോൾ മുതൽ തന്നെ പാലിയേറ്റീവ് കെയർ സംവിധാനങ്ങളും തുടങ്ങണം എന്നതാണ് പുതിയ രീതി. ചികിൽസയോടൊപ്പം തന്നെ വേദനസംഹാരികൾ, ഫിസിക്കൽ തെറാപ്പി, തുടങ്ങിയവ തുടക്കം മുതലേ ചെയ്യണം. പക്ഷെ അത്തരം ഒരു പുരോഗതി നാട്ടിൽ കാണുന്നില്ല. പാലിയം ഇന്ത്യയുടെ സ്ഥാപകനായ ഡോ. രാജഗോപാലിന്റെ നേതൃത്വത്തിലാണ് പാലിയേറ്റീവ് കെയർ നാട്ടിൽ ഡെവലപ്പ് ചെയ്യാൻ തുടങ്ങിയത്.

വളരെ അധികം പ്രതിസന്ധികൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ ഇന്നും നേരിടുന്നുണ്ട്.

കാൻസറിനൊപ്പം വേദനയും ഉണ്ടാകും എന്ന് പരക്കെ അംഗീകരിച്ച്, അതിനു പരിഹാരം ഒന്നുമില്ല എന്ന നിലപാടിലാണ് പൊതുവേ നാട്ടിലെ ഒരു സമീപനം. ട്രീറ്റ് മെന്റിനൊപ്പം തന്നെ വേദന മാറ്റാനും വേദന സംഹാരികൾ ലഭ്യമാക്കാനുമുള്ള സംവിധാനങ്ങൾ കുറച്ചുകൂടി പ്രാബല്യത്തിലാക്കണം. പാലിയം ഇന്ത്യയുടെ പ്രവർത്തനങ്ങള്ക്ക് പിന്തുണ നൽകാറുണ്ട്.

നാട്ടിലെ പാലിയേറ്റീവ് കെയർ ഇനിഷ്യേറ്റീവിലേക്ക് സാമ്പത്തിക സഹായം ആവശ്യമുണ്ട്.

ജനനിയുടെ പേരിൽ ജനനി പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സൊസൈറ്റി നേരത്തെ തുടങ്ങിയിരുന്നു. അത് ഒന്ന് പുനരാരംഭിക്കണം എന്ന് താല്പര്യം ഉണ്ട്. കേരളത്തിൽ ക്യാൻസർ ചികിൽസയും പാലിയേറ്റീവ് കെയറും ഏകോപ്പിക്കുന്നതിനുള്ള ഒരു പ്രൊജക്റ്റ് രൂപീകരിക്കണം എന്നാണ് മനസ്സിലെ ആഗ്രഹം.